സബ്സിഡി കൊടുക്കാത്തതുകൊണ്ട് ഇത് താമസിക്കും. ഈ സ്കീം വന്നാൽ അത് വച്ചിരിക്കാൻ പറ്റില്ല; നടപ്പിലാക്കണം. അതിന് എല്ലാപേരും കൂടണം. കൂടിയെങ്കിൽ മാത്രമേ അത് നടപ്പിലാകൂ. ആ വിധത്തിൽ നടപ്പിലാക്കുന്നതിന് താമസം വരുന്നത് ഇടക്കാലത്താണ്. അവിടെ നിന്നും ഇവിടെനിന്നും ചകിരി വാങ്ങി സപ്ലൈ ചെയ്ത് ഇവിടെ സ്തംഭനം ഒഴിവാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

(2) ആറ്റിപ്രയിലെ കുടിയൊഴിപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ കുടിയൊഴിപ്പിക്കൽ വർഷങ്ങളായി ഒരു പ്രധാന പ്രവർത്തനമായി തുടർന്നുവരികയാണ്. എന്നാൽ ആറ്റിപ്രയിൽ സ്ഥിരമായി കുടിയൊഴിപ്പിക്കൽ നടക്കുകയാണ്. നാലായിരം ഏക്കർ സ്ഥലം ആറ്റിപ്രയിൽനിന്നും മാത്രം വിവിധ ആവശ്യങ്ങൾക്കായി--ഐ.എസ്.ആർ.ഒ., നാഷണൽ ഹൈവേ, വ്യവസായ പാർക്ക് എന്നിവയ്ക്കായി—കുടിയൊഴിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ ടെക്നോ പാർക്കിനുവേണ്ടി 260 ഏക്കർ സ്ഥലം എടുക്കാനായി നോട്ടിഫിക്കേഷൻ കൊടുത്തിട്ടുണ്ട്. ഞങ്ങൾ ടെക്നോ പാർക്കിന്റെ വികസനത്തിനെതിരല്ല. കഴക്കൂട്ടത്ത് ആരുംതന്നെ അതിന്റെ വികസനത്തിനെതിരല്ല. അങ്ങനെ ഒരു തെറ്റിദ്ധാരണ ആർക്കും വേണ്ട. പ്രസ്തുത 260 ഏക്കർ ഭൂമി അർജൻസി ക്ലാസ്സിൽപ്പെടുത്തി എടുക്കാനാണ് റവന്യൂ വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നത്. അതിന്റെ ഏരിയ വച്ചു നോക്കുമ്പോൾ അഞ്ഞൂറിൽ കൂടുതൽ വീടുകൾ അവിടെനിന്നും ഒഴിപ്പിക്കേണ്ടി വരും എന്നുള്ള ധാരണ ഇപ്പോൾ അവിടെയുള്ള ജനങ്ങളുടെ ഇടയിൽ നിൽക്കുകയാണ്. ടെക്നോ പാർക്കിനായി പല പ്രാവശ്യം അവിടെനിന്നും സ്ഥലം എടുത്തിട്ടുണ്ട്. യാതൊരു അപശബ്ദവും അവിടെയുള്ള ആളുകൾ ഉണ്ടാക്കിയിട്ടില്ല. അഞ്ഞൂറിലേറെ കുടുംബങ്ങളെ കുടിയൊഴിപ്പിച്ചുകൊണ്ടുള്ള സ്ഥലമെടുപ്പ് വളരെയേറെ പ്രയാസവും വേദനാജനകവുമാണ്. എന്നാൽ പല പ്രാവശ്യമായി എടുത്തിട്ടിരിക്കുന്ന സ്ഥലങ്ങൾ അവിടെയുണ്ട്. കേരള യൂണിവേഴ്സിറ്റി എടുത്തിട്ടിരിക്കുന്ന 500 ഏക്കർ സ്ഥലം ടെക്നോപാർക്കിന് കിഴക്കുവശത്തായി ഇപ്പോഴും പട്ടിക്കാടായി, പാമ്പുവളർത്തൽ കേന്ദ്രമായി കിടക്കുകയാണ്. ഈ കുടിയൊഴിപ്പിക്കൽ ഒഴിവാക്കി, യൂണിവേഴ്സിറ്റി എടുത്തിട്ടിരിക്കുന്ന ഉപയോഗിക്കാത്ത സ്ഥലം ഉപയോഗിക്കണമെന്നുള്ളതാണ് ജനപ്രതിനിധി എന്നുള്ള നിലയിൽ എന്റെ എളിയ അഭ്യർത്ഥന. ഇവിടെ വിവിധ സംഘടനകൾ ഐ.റ്റി. കോറിഡോർ വേണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു വശത്ത് സമരം നടത്തുന്നു, ഇവർതന്നെ അവിടെ ആക്ഷൻ കൗൺസിലുണ്ടാക്കി ഈ കുടിയൊഴിപ്പിക്കൽ ഒഴിവാക്കണമെന്ന് പറഞ്ഞുകൊണ്ട് സമരം നടത്തുകയാണ്.

അവിടത്തെ സാമൂഹ്യ സംഘടനകൾ ഭൂസംരക്ഷണ സമിതി എന്നുപറഞ്ഞുകൊണ്ട് സമരം നടത്തുകയാണ്. ഈ സമരങ്ങൾ കണ്ടാൽ ടെക്നോപാർക്കിന് എതിരാണ് എന്നൊരു തെറ്റിദ്ധാരണ ജനങ്ങളിലും ജനപ്രതിനിധികളിലും ഉണ്ടാകുന്നു. ഇതൊന്നും ടെക്നോപാർക്കിന് എതിരായിട്ടുള്ളതല്ല. ടെക്നോപാർക്കിന്റെ വികസനം ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങൾക്കാർക്കും അവിടെ തൊഴിൽ കിട്ടിയില്ലെങ്കിലും, കഴക്കൂട്ടത്തുകാർക്ക് തൊഴിൽ കിട്ടിയില്ലെങ്കിലും, തൊഴിൽരഹിതരായ കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന അഭ്യസ്തവിദ്യരായ, സാങ്കേതിക വിദ്യ കൈവശമുള്ള പല തൊഴിൽരഹിതർക്കും തൊഴിൽ സാദ്ധ്യതയുള്ള ഒരു വലിയ സ്ഥാപനമായിട്ടാണ് ഞാനും അവിടുത്തെ ജനങ്ങളും കാണുന്നത്. ഞങ്ങളാരും എതിരല്ല. ഈ വ്യാപകമായ കുടിയൊഴിപ്പിക്കൽ ഒഴിവാക്കിക്കൊണ്ട് ഇപ്പോൾ തരിശായി കിടക്കുന്ന ഭൂമി.....

മി. സ്പീക്കർ: യൂണിവേഴ്സിറ്റിയുടെ സ്ഥലം കൊടുക്കില്ല ശ്രീ. വാഹിദേ? യൂണിവേഴ്സിറ്റിയുടെ സ്ഥലം അവർ കൊടുക്കുമോ?

ശ്രീ. എം. എ. വാഹീദ്: ഇപ്പോഴത്തെ നോട്ടിഫിക്കേഷൻ അനുസരിച്ച് വേറെ സ്ഥലമാണ് എടുക്കുന്നത്. റവന്യൂ വകുപ്പിലെ ചില ഉദ്യോഗസ്ഥർ അവിടുത്തെ ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കാൻ വേണ്ടി ഈ നോട്ടിഫൈ ചെയ്തിരിക്കുന്ന സർവ്വേ നമ്പറുകളിൽ 500-ൽ കൂടുതൽ താമസക്കാരെ ഒഴിപ്പിക്കുന്ന രീതിയിലുള്ള ഒരു സ്കെച്ചും പ്ലാനുമാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. അത് വലിയ ആശങ്കയാണ് ജനങ്ങളിൽ ഉണ്ടാക്കിയത്. എനിക്ക് വലിയ പ്രയാസമുണ്ടാക്കുന്നതാണ് ഈ നടപടി. അല്ലാതെ ഞാൻ ടെക്നോപാർക്കിന് എതിരല്ല. ഞങ്ങളാരും എതിരല്ല. അവിടുത്തെ സാമൂഹ്യ സംഘടനകളും ഒരു രാഷ്ട്രീയ പാർട്ടിയും എതിരല്ല. ഞാൻ നേരത്തെ പറഞ്ഞ ആക്ഷൻ കൗൺസിലുണ്ടാക്കി ഒരുവശത്ത് സമരം ചെയ്യുന്നു, ഇപ്പുറത്ത് ഐ.റ്റി. കോറിഡോർ നടക്കുന്നില്ല എന്നുപറഞ്ഞ് തിരുവനന്തപുരത്ത് പത്രസമ്മേളനം നടത്തുന്നവരും അവിടെയുണ്ട്. ഇതിന്റെ നടുക്കാണ് പാവപ്പെട്ട ഞാൻ കിടന്ന് പാടുപെടുന്നത്. അതുകൊണ്ട് എന്റെ വേദന അകറ്റുവാൻ വേണ്ടി കഴിയുന്നതും ഈ സ്ഥലമെടുപ്പ് ഇപ്പോൾ തരിശായി കിടക്കുന്ന സ്ഥലത്തേക്ക് മാറ്റി ഒരു വീടുപോലും ഒഴിപ്പിക്കാത്ത രീതിയിലുള്ള നടപടിയെടുക്കുവാൻ ബഹുമാനപ്പെട്ട സർക്കാർ തയ്യാറാകണം. അതിന് ജനപ്രതിനിധി എന്ന നിലയ്ക്കുള്ള എല്ലാ പിൻതുണയും സർക്കാരിനുണ്ടാകും. സർക്കാരിന്റെ പുറകെ ജനപ്രതിനിധി എന്നുള്ള നിലയിൽ വികസന പ്രവർത്തനത്തിന് ഞാൻ മുൻപന്തിയിലുണ്ടാകും. പക്ഷേ ഈ കുടിയൊഴിപ്പിക്കൽ ഒഴിവാക്കിത്തരണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഏതോ സ്കെച്ചൊക്കെ കണ്ടിട്ട് ആകെ ഒരു തെറ്റിദ്ധാരണയിൽ നിന്നുണ്ടായ പ്രക്ഷോഭമാണ്.

മി. സ്പീക്കർ: അല്ലെങ്കിൽ അത് ആറ്റിങ്ങലിലേക്ക് കൊണ്ടുപോകട്ടെ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: 500 പോയിട്ട് ആകെ 15 വീടുകൾ മാത്രമേ അവിടെ കുടിയൊഴിപ്പിക്കപ്പെടുകയുള്ളൂ. ഞാൻ ഉറപ്പ് തരുന്നു. ആ 15 വീട്ടുക്കാർക്ക് ഒരു റീഹാബിലിറ്റേഷൻ പാക്കേജ് ഉണ്ടാക്കാം. നേരത്തെ ടെക്നോപാർക്കിനുണ്ടായിരുന്നു. അത് ഒന്നുകൂടി പരിഷ്കരിച്ച് എം.എൽ.എ.-യോട് സംസാരിച്ച് കുറേക്കൂടി അവർക്ക് അനുകൂലമായ രീതിയിലുള്ള, പോസിറ്റീവായിട്ടുള്ള മാറ്റത്തോടുകൂടി ഒരു റീഹാബിലിറ്റേഷൻ പാക്കേജ് നമുക്കുണ്ടാക്കാം. പിന്നെ ഈ 260 ഏക്കർ ഭൂമി എടുക്കുന്നത്, കഴിഞ്ഞ ഗവൺമെന്റ് മുൻഗണന കൊടുത്ത, തിരുവനന്തപുരം വികസനമെന്ന് പറഞ്ഞ് മുൻ സ്പീക്കർ ശ്രീ. എം. വിജയകുമാറൊക്കെ മുൻകയ്യെടുത്ത് പ്രവർത്തിക്കുന്ന തിരുവനന്തപുരം ഐ.റ്റി. കോറിഡോറിന് വേണ്ടിയാണ്. ഇപ്പോൾ ശ്രീ. വാഹീദ് എം.എൽ.എ. അതിനുവേണ്ടി വളരെയധികം നിയമസഭയിലൊക്കെ പറഞ്ഞിട്ടുണ്ട്. ആ ഐ.റ്റി. കോറിഡോർ നമുക്ക് മുന്നോട്ട് കൊണ്ടുപോകണം. അവിടെയാണ് ഇൻഫോസിസ് വരുന്നത്. ഇൻഫോസിസ് അവരുടെ സ്വന്തം ക്യാമ്പസ് 50 ഏക്കറിൽ കെട്ടാൻ പോകുന്നത് അവിടെയാണ്. അത് ഇൻഡ്യയിൽത്തന്നെ ഏറ്റവും prestigeous ആയിട്ടുള്ള ഒരു ക്യാമ്പസാകും. മാത്രമല്ല കേരളത്തിൽ ആദ്യമായാണ് ഇൻഫോസിസ് പോലുള്ള ഒരു കമ്പനി വന്ന് സ്വന്തം ടെക്നോപാർക്ക് കെട്ടുന്നത്. അപ്പോൾ അതൊക്കെ വരാൻ പോകുന്നത് അവിടെയാണ്. അതിന് വേണ്ടി 15 വീടുകൾ മാത്രമേ കുടിയൊഴി പ്പിക്കപ്പെടുകയുള്ളൂ. അതിന്റെ മേലോട്ട് ഒന്നുമുണ്ടാകില്ല. നേരത്തെ മെമ്പർ പറഞ്ഞതുപോലെ ഒരു പുതിയ പ്രതിഭാസം കാണുന്നുണ്ട്. ഡെവലപ്മെന്റിന് അനുകൂലമായും സമരം നടക്കുന്നുണ്ട്. എനിക്കുതന്നെ എം.എൽ.എ.-യ്ക്ക് അയച്ച കത്തിന്റെ കോപ്പി വന്നിട്ടുണ്ട്. പോസ്റ്റ് വഴിയാണോ വന്നതെന്ന് എനിക്കറിയില്ല. അതിൽ ഈ സ്ഥലം എടുത്താലും തരക്കേടില്ല എന്നും ഇത് വരണമെന്നും പറഞ്ഞുകൊണ്ടുള്ള അഭിപ്രായങ്ങളും വരുന്നുണ്ട്. സ്ഥലം ഉടമകൾ തന്നെ അഞ്ചും പത്തും സെന്റുള്ളവർ ഞങ്ങളുടെ ഈ സ്ഥലം എടുക്കണമെന്ന് പറയുന്നുണ്ട്. നല്ല വില കിട്ടുമല്ലോ. എടുക്കണമെന്ന് പറഞ്ഞ് നൽകിയ ഒരു കൂട്ട ഹർജി എന്റെ കയ്യിലുണ്ട്. മാത്രമല്ല ഇപ്പോൾ ടെക്നോ പാർക്കിൽ ടെറോയിഡ് എന്ന ഒരു കമ്പനിയിൽ ഒരു സമരം നടന്നു. ടെക്നോ പാർക്കിലല്ല പുറത്ത്. ആ സമരത്തിനെതിരായി ജീവനക്കാർ സമരം ചെയ്തു. പലനല്ല

LIBRARY ARCHIVES Kerala Legislative Assembly

പുതിയ പ്രതിഭാസങ്ങളും വരുന്നുണ്ട്. ആളുകൾ ബോധവൽക്കരിക്കപ്പെട്ടതിന്റെ ഒരു ഗുണമുണ്ട്. ഡെവലപ്മെന്റിന് എതിരായി ഒരുകൂട്ടർ പറയുമ്പോൾ അതിനെതിരായി സ്വമേധയാ ജനങ്ങൾ തന്നെ മുന്നോട്ട് വന്ന്, ജീവനക്കാർ തന്നെ മുന്നോട്ട് വന്ന് സമരത്തിനെതിരായി സമരം ചെയ്യുന്ന സ്ഥിതിയുണ്ട്. ഇപ്പോൾ എന്തായാലും ശരി, ശ്രീ. കോടിയേരി ബാലകൃഷ്ണനുമൊക്കെയായി മിനിഞ്ഞാന്ന് ഞാൻ സംസാരിച്ചു. അതൊക്കെ Sort out ചെയ്യുന്നുണ്ട്. ഇതിൽ പൊളിറ്റിക്കലായിട്ടുള്ള കാര്യങ്ങളൊന്നും ആർക്കും കിട്ടുന്നില്ല. അതുകൊണ്ട് ഈ സ്ഥലമെടുപ്പ് സംബന്ധിച്ച് യാതൊരു ആശങ്കയും വേണ്ട. എം.എൽ.എ.-യുമായിട്ട് സംസാരിക്കാം. ആളുകൾക്ക് അധികം ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ഡെവലപ്മെന്റ് മുന്നോട്ട് കൊണ്ടുപോകാമെന്ന് ഞാൻ ഉറപ്പ് തരുന്നു.

മി. സ്പീക്കർ: വയലല്ലേ കൂടുതൽ എടുക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വയലാണ് കൂടുതലും.

ശ്രീ. എം. എ. വാഹീദ്: 15 വീടുകളേ ഒഴിപ്പിക്കുകയുള്ളുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നിയമസഭയിൽ പറഞ്ഞതുകൊണ്ട് ആ ഉറപ്പ് ഉറപ്പായിരിക്കും. അതുകൊണ്ട് ആ ഉറപ്പ് ലംഘിക്കാൻ പറ്റുകയില്ലയെന്ന് എനിക്കും വിശ്വാസമുണ്ട്. 15 കുടുംബങ്ങൾ എന്നു പറയുമ്പോൾ പരമ്പരാഗതമായി കൂട്ടുകുടുംബ സമ്പ്രദായത്തിൽ കഴിയുന്നവരാണ് ഈ കുളത്തൂർ ഭാഗത്തുള്ളവർ.

Mr. Speaker: Put the question.

ശ്രീ. എം. എ. വാഹീദ്: കുടിയൊഴിപ്പിക്കുന്നവരെ അതിന് തൊട്ടടുത്ത് തന്നെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കുടിയൊഴിപ്പിക്കുന്നവരിൽ ഒരു കുടുംബത്തിലെ ഒരംഗത്തിന് ടെക്നോപാർക്കിൽ തൊഴിലവസരം കൊടുക്കാനുള്ള തീരുമാനം കൂടി ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുമെങ്കിൽ എനിക്ക് കൂടുതൽ എളുപ്പമായിരിക്കും. ഞാൻ ഇതിന് അനുകൂലമായിട്ടാണ് നിൽക്കുന്നത്; എതിരായിട്ടല്ല. അവിടെ എടുക്കുന്ന സ്ഥലത്തിന്റെ സൈഡിൽ എവിടെയെങ്കിലും ഒരു വശത്ത് റീഹാബിലിറ്റേഷൻ സൗകര്യം ചെയ്യണം. റീഹാബിലിറ്റേറ്റ് ചെയ്യുന്ന ഒരു കുടുംബത്തിലെ ഒരംഗത്തിന് ടെക്നോപാർക്കിൽ തൊഴിൽ കിട്ടുവാനുള്ള അവസരമുണ്ടാക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി .കെ. കുഞ്ഞാലിക്കുട്ടി: രണ്ടാമത്തെ ഭാഗത്തിന് മന്ത്രി രാജാവ് അല്ലാത്തതുകൊണ്ട് അങ്ങനെ പ്രഖ്യാപിക്കാൻ പറ്റുകയില്ല; അറിയാമല്ലോ? അതൊക്കെ വ്യവസ്ഥ പ്രകാരമല്ലേ? 15 വീടുകൾ മാത്രമേ എടുക്കുകയുള്ളുവെന്നത് വളരെ കൃത്യമായി എനിക്ക് കിട്ടിയ ഉത്തരമാണ്. അതനുസരിച്ച് നമുക്ക് ചർച്ച നടത്താം. ഏതൊക്കെ ആനുകൂല്യം കൊടുക്കാൻ സാധിക്കുമോ അതൊക്കെ കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly